No. CEE/4245/PGM/2018/TA3

കേരള സർക്കാർ

പ്രവേശന പരീക്ഷാകമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം–695 001

# പത്രക്കുറിപ്പ്

## പി.ജി മെഡിക്കൽ (ഡിഗ്രി/ഡിപ്ലോമ) കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം 2018–19 ഒന്നാം ഘട്ട അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശൂർ, കോഴിക്കോട് എന്നീ സർക്കാർ മെഡിക്കൽ കോളേജുകളിലെയും, തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്റർ (ആർ.സി.സി)ലേയും, പി.ജി മെഡിക്കൽ(ഡിഗ്രി/ഡിപ്ലോമ) കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനായി, കേരളാ സ്റ്റേറ്റ് മെരിറ്റ് ലിസ്റ്റിലെ അപേക്ഷാർത്ഥികളുടെ റാങ്കിന്റെയും അവർ 03.04.2018 അഞ്ച് മണിവരെ പ്രവേശന പരീക്ഷാകമ്മീഷണറുടെ വെബ്സൈറ്റിലൂടെ നൽകിയ ഓൺലൈൻ ഓപ്ഷനുകളുടെയും അടിസ്ഥാനത്തിൽ, ഒന്നാം ഘട്ട അലോട്ട്മെന്റ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

ഒന്നാം ഘട്ട അലോട്ട്മെന്റ് പ്രകാരം അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും, പ്രവേശന പരീക്ഷാകമ്മീഷണർക്ക് അടക്കേണ്ടതുമായ ഫീസ് 05.04.2018 മുതൽ 12.04.2018 വരെയുള്ള തീയതികളിൽ ഓൺലൈൻ പേയ്മെന്റായി ഒടുക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ 06.04.2018 മുതൽ 12.04.2018 വരെയുള്ള തീയതികളിൽ അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ അലോട്ട്മെന്റ് മെമ്മോയിൽ സൂചിപ്പിച്ചിട്ടുള്ള രേഖകൾ സഹിതം ഹാജരായി പ്രവേശന നേടേണ്ടതാണ്. നിശ്ചിത തീയതിക്കകം ഫീസ് ഒടുക്കി കോളേജുകളിൽ പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റും ഹയർ ഓപ്ഷനുകളും നഷ്ടപ്പെടുന്നതാണ്.

12.04.2018 വൈകുന്നേരം അഞ്ച് മണിക്ക് മുമ്പ് ബന്ധപ്പെട്ട മെഡിക്കൽ കോളേജുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് പ്രിൻസിപ്പൽമാർ ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം മുഖേന പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കണം.

കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന ഹെൽപ്പ് ലൈൻ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.
**0471–2339101, 0471–2339102, 0471–2339103, 0471–2339104**

**തിരുവനന്തപുരം**
04.04.2018

Santhoshkumar

**പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി**